അന്നദാതാവായ

ശ്രീമൂലംതിരുനാൾ പൊന്നുതമ്പുരാൻ

തിരുമനസ്സുകൊണ്ടു് നാടുനീങ്ങിയ

# തീരാദുഃഖം



ഗ്രന്ഥകർത്താ ആറയൂർ കെ. ഗോവിന്ദപ്പിള്ള

പ്രകാശകൻ

പി. കെ. മാധവൻപിള്ള.

ഒന്നാംപതിപ്പു] ൧൧൦൦ [കാപ്പി ൨൦൦൦.

വില ചക്രം ൧.

No E.153 / 623

ശ്രീ

അന്നദാതാവായ

ശ്രീമൂലം പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു

നാടുനീങ്ങിയ

# തീരാദുഃഖം.

---

ഗീതം—൧.

മത്താടഞ്ചാരാതേനോ—എന്ന മട്ടു്.

തീരാദുഃഖമായ്ത്തീൎന്നല്ലോ-ഹാ- ഹതവിധെ
ധന്യശ്രീയാൎന്നമൂലം-പൊന്നുതമ്പുരാനിന്നീ
മന്നിടം വിട്ടതെങ്ങൾ-ക്കെന്നുമത്യധികമാം (തീരാ)
ശ്രീപത്മനാഭദാസൻ-ശ്രീരാമവൎമ്മ ഭൂപൻ
ശ്രീലക്ഷ്മീസുതൻ വഞ്ചി-ഭൂവിട്ടതോൎക്കിലെന്നും (തീരാ)
മൂപ്പത്തൊൻപതു വൎഷം-കെല്പോടെ ഭരിച്ചൊരു
നൽപുണ്യശാലി തന്റെ-യിപ്പോഴുള്ള വിയോഗം (തീരാ)
വന്ദ്യസുകൃതിതന്റെ-ഉന്നതമാം ഗുണങ്ങൾ
ഒന്നൊന്നായോൎത്തിടുമ്പോ-ളെന്മിവക്കുതീയാം (തീരാ)

---

## ഗീതം—൨.

പത്തിനി കണ്ണകിയെ—എന്ന മട്ട്.

ശ്രീമൂലരാജവീര-ധന്യ ശ്രീയാൎന്നിടുന്ന സാര
ആമയമെന്നിയെ ക്ഷേമം-വിളയിച്ച
ഭൂമിപവൃന്ദഹാര (ശ്രീ)
ഭാഗധേയാംബുധിയെ-വഞ്ചി ഭൂവിന്നൊരു നിധിയെ
ആഹാവെട്ടിഞ്ഞിത്ര വേഗമായ്ഞങ്ങളെ
ആശ്രയഹീനരായെ (ശ്രീ)
വഞ്ചിക്കൊരുവിളക്കെ-പുണ്യസഞ്ചയത്തിൻറാഴ്ക്കെ
നെഞ്ചിൽകനിവെന്ന്യേ വൻചതിചെയ്യുന്നു
മെന്തിനായീവിധത്തിൽ (ശ്രീ)
പാപികളായിഞങ്ങൾ-താപ വാപിയിലായിഞങ്ങൾ
ആപത്തിതിൽപര-മെന്തുണ്ടിടിയക്കോ-
രാധാരമാരുമേലിൽ (ശ്രീ)
ആരുന്നതെന്നുചിത്തം-സുഖ മേരുന്നതെന്നു സത്യം
ആരോമൽ മേനികണ്ടീ ടുന്നതെന്നെങ്ങ
ളൻപെഴുംതമ്പുരാനേ.

---

## ഗീതം ൩.

അമാരനബി എന്ന മട്ട്.

പരമപുണ്യനിധെ മൂലഭൂപാല-
തിരുമനമലിഞ്ഞിവ-ക്കരുതരമാംഗുണങ്ങ-
ളരുളിയതോൎത്താൽ മന-മുരുകിടുന്നെങ്ങൾക്കയ്യോ (പര)

അച്ഛനില്ലാത്തസാധു-ക്കൊച്ചുമക്കൾക്കതുല്യം-
നിശ്ചയമടിയങ്ങൾ-സച്ചരിത്രപ്രഭുവെ (പര)

ബാലകരായസ്വന്ത-ഭാഗിനേയരിൽരാജ്യ-
ഭാരമർപ്പിച്ചുവഞ്ചി-വാസംവെടിഞ്ഞതെന്തെ (പര)

അയ്യോ സഹിച്ചിടുവാൻ-വയ്യെവിയോഗതാപം-
മെയ്യുരുകീടുന്നാഹാ-ഇയ്യുള്ളേഴകൾക്കെന്നും (പര)

ഇത്രവേഗത്തിലെങ്ങൾ-ക്കാർത്തിയേകീടുമെന്ന്
ഓർത്തിരുന്നില്ലതിരു-ഗാത്രംകണ്ടീടുന്നെന്നോ (പര)

---

ഗീതം ൪.

അയ്യാപരമനിമലൈവേല എന്ന മട്ട്.

ആരുന്നില്ലയ്യോ തമ്പുരാനെ- തവ
ക്രൂരോക്കിൽ ഹൃദയം-താനെ
നീരുന്നിതാ സുകൃതവാനെ- എന്നും
തീരാ ദുഃഖാഴിയതിൽവീണേ- ഒട്ടു (മാറു)

ആലസ്യം ജലദോഷമെന്ന്- ഞങ്ങ-
ളാകുലപ്പെട്ടതില്ലയൊന്നും- ഇന്നീ
കാലപ്പിഴയടുക്കമെന്ന്- തെല്ലു
മാലോചിച്ചില്ലവിധിയെന്നും (ആരു)

ഓരായിരവത്സരം വാഴും- നിത്യ-
മോരോസൗഖ്യം വന്നുചൂഴും- എന്ന
തോരോന്നു ചിന്തിച്ചങ്ങുവാഴും- വിധിയെ
തീരാദുഃഖമായ് വിധിപാഴായ്-ഞങ്ങ (ൾക്കാരു)

കാരുണ്യമാന്നതവ വാക്കും- കാര്യ്യ-
സാരം തികഞ്ഞതവനോക്കും-
രാജാധിരാജനെ മററാക്കും കാണാ-
തോരുള്ളരികൃപയുമോക്കും- പൊഴ (താവ)

---

## ഗീതം ൩.

ചെന്തിൽമംനഗരം എന്ന മട്ടു്.

ഭക്തവത്സല പത്മനാഭാവിഭൊ! ദുഷ്കൃമ്മമീവിധ-
മെന്തിനായ്-അയ്യൊ നിഷ്കൃരുണമിദമെന്തിനായ്-
ദേവ-ശക്രസോദരനിൽപദാംബുജ-
മുൾക്കരുന്നിൽനിന്നച്ചുവാണ-
ഭക്തനല്ലയൊമൂലംതിരുമേനി-തക്കമില്ലെ-
ലവലേശവും-പാദ-ഭക്തിയുമേററവിശ്വാസവും
ശക്രസന്നിഭനായടിയക്കൊക്കെയുംതവഗുണഗണങ്ങൾ
തന്നുടൻമുപ്പത്തൊൻപതുവത്സരം
അന്യൂനകീത്ത്യാവസിച്ചെല്ലൊ-എല്ലാ-
മന്നിലുംകീത്തിപരന്നെല്ലൊ
ധന്യനനങ്ങരുപത്തി ഏഴുതിരുവയസ്സുവരേയ്ക്കുമോക്കിൽ-
പുത്രരെസ്വ പിതാവിന്നൊടൊപ്പമായ്
നിത്യംപാലിച്ചൊരുധീമതി- വര-
സത്യാദിസൽഗ്ഗുണാം ഭോനിധി- തന്നെ
യിത്രവേഗമതായ്പ്പിരിച്ചതി-യത്തലുടിയക്കേകിയൊഹ!
ഭക്തവാത്സല്യമില്ലയോ ശ്രീപതെ-
ഭക്താഭീഷ്ടപ്രദനല്ലയൊ-നിത്യ-
പ്രാത്ഥിതരിൽ കൃപയില്ലയൊ.

---

## ഗീതം. ൯.

പരിക്കരുത-അമ്മ പരിക്കരുതെ എന്നമട്ട്.

സഹിപ്പതൊ അയ്യൊ സഹിപ്പതൊ
വിധിച്ചതൊയിദം-ചതിച്ചതൊ വിധി
നശിച്ചതൊ പുണ്യം-ഭവിച്ചതൊ നാശം (സ)

കരുണാ സാഗര-തിരുമുലർക്കുജ
ശരണഹീനരായ്- ധരണീവാസികൾ (സ)

സരസമാകിയ-തിരുവുടൽകാണാ
തടിയങ്ങൾ വസി-ച്ചിടുവതെങ്ങനെ (സ)

നിരുപമഗുണ-ഗണങ്ങൾ ശേഷനും
പണിയോതീടുവാൻ-പുരുകൃപാനിധെ (സ)

അഖിലഭൂപതി-കുലങ്ങൾ കമ്പിടും
വിമലസൽകൃതെ- വിരഹമെവ്വിതം (സ)

---

## ഗീതം ൧.

(കഴുത്തിൽ വിഴുന്തമാലൈ എന്നമട്ട്.)

ജഗത്തിലെങ്ങുമെ കീൎത്തി-പരത്തിയി-
ധരിത്രിയെ-പ്രശസ്തമായ് പാലിച്ചൊരുകൃപാവസതെ
പിതാവിനൊടൊപ്പം വഞ്ചി-നിവാസികൾ
ക്കേറെനന്മ-സദാ വിളയിച്ചമൂലം-നരപതിയെ (ജഗ)
മേലിലാരൊരാശ്രയ മടിയ-ങ്ങൾക്ക നിനച്ചാൽ
ക്രൂരനായ വിധിയിദമാ യിച്ചതിച്ചാൽ (ജഗ)

ആയിരത്തിതൊള്ളായിരത്തെററാമ്പതാടിയതിങ്കൽ
മായമായ-തീയതി യിരുപത്തിമൂന്നിൽ (ജയ)
ഇപ്പാപികളെ വെടിഞ്ഞ-തോർത്താൽ
മറെറാരാപത്തിതിൽ-പരമോ പാർത്താൽ
തീരാത്തുള്ള ദുഃഖമെല്ലാ-മാലമേകിയൊ
എന്നു മാറാ-ത്തുള്ള തീ ഏദയെ-കോരിയേകിയൊ (ജഗ)

---

ഗീതം ൮.

(ചെന്താമരപ്പൂ വന്തേൻകമലം എന്നമട്ട്)

അന്നദാതാവായ മൂലം പൊന്നു തമ്പുരാനെയെന്നു (അന്ന)
അയ്യൊ സഹിച്ചീടാമൊ-പൊയ്യൊ നിനച്ചീടാമൊ
ഇയുള്ളവർതാപ-ത്തീയിൽ പതിച്ചിടാ-
നീയുലകം വിട്ടു ശ്രീവഞ്ചിവാസവാ (അന്ന)
നിർവ്വാണലോകമതിൽ-കൈവല്യക്കോണിയിങ്കൽ
ചെവ്വോടൊന്നാമനായി-മേവുന്നതിനിത്ര
വൈകിയൊ സൽക്കർമ്മ-ശാലിയാകും പ്രഭോ (അന്ന)
ഭാഗിനേയക്കു ശേഷി-യേകീട്ടനന്തരം നൽ
ഭാഗധേയാംബുധേ-പോകാമെന്നോർക്കാതെ
യീവിധംതോന്നിയ തെന്തിവർ പാപമോ (അന്ന)
നിത്യശാന്തിലഭിച്ചു-ചിത്തമോദാൽ ഹരിയാം
നിത്യൻെറ പാദപാംസുക്കളാൽ സായൂജ്യ
മെത്തിവിലസുവാൻ-പ്രാർത്ഥിക്കുന്നുവയം. (അന്ന)

---

## ഗീതം ൯.

(ഘനജാക്ഷി ഭഗവതി എന്നമട്ട്)

തിരുമൂലം തിരുവടിയെസ്സുകൃത (തിരു)
കാരണ്ണനുടെ പദ താരിണ്ണഭജിച്ചൊരു (തിരു)
വര കർമ്മവും വിപുല ധർമ്മവും നിമിത്തം
ശർമ്മമാർന്നതൊരു ധാർമ്മിക പ്രഭുവെ (തിരു)
ഓമൽ തിരുമേനിയുമമൃതമാം വാക്കും
പ്രേമമൊഴുകിടുന്നതൊരു തവനോക്കും.
ഭൂമിപതികൾക്കേററമഴകുളവാക്കും
നീതിബോധി- നിറഞ്ഞതുമാദി-
നിത്യമാദി-നിയമവാദി (തിരു)
ഏററംമോദമൊടടിയങ്ങളെ കാത്തു
ക്രൂരരെട്ടുംപലവിധനന്മകൾ ചേർത്തു
ആറാതഭക്തിയഖിലർക്കും വളർത്ത
സുഗുണസാര-സുജന ഹാര-
സുഖിസുധീര- സുമതിമാര (തിരു)
പൊടുന്നനെ ഐഹികാദി സുഖമതു മുഷിഞ്ഞോ
അടിമകളാകുമടിയങ്ങളെ വെടിഞ്ഞോ
കടൽനിറമുടയവൻ പദമതിലണഞ്ഞോ
കത്തിടുന്നു- ചിത്തമിന്നു- സത്യമാദി-യൊത്തപുണ്യ
(തിരു)

## ഗീതം—൫൦

രാമപഞ്ചനകോരിയാ-എന്ന മട്ടു.

നിത്യശാന്തിയാർന്നിടുക-നിഷ്ക്കാമലോകെ
ഉത്തമഗുണങ്ങളി-പൃത്ഥ്വിയിൽ ചേർത്തുനിത്യം
മുത്തേകിയ പുണ്യാംബുധേ-മൂലഭൂപാല (നിത്യ)
ഭാഗിനേയക്ക്മേന്മേൽ-ഭാഗധേയം വദ്ധിപ്പാൻ
ഭക്തവത്സലനോടെന്നു-മത്ഥിച്ച മേന്മേൽ (നിത്യ)
ആടിയിൽ ചോതിനാളിലാകയാൽ സ്വൎഗ്ഗലാഭം
നേടിയ കാരുണ്യമൂത്തേ- മൂലഭൂപാല
ആടലൊഴിഞ്ഞു പുണ്യ-കോടിയിൽ പ്രശോഭനായ്
ധാടിയോടമന്നീടുക-സൽകമ്മവാനെ (നിത്യ)
ഇദ്ധരണിവാസികൾ-ക്കുത്തരോത്തരം ക്ഷേമ
മെത്തുവാനത്ഥിക്കേണമേ കൃപാവസതെ (നിത്യ)

ശുഭമസ്തു.

---

[stamp]

153

അന്നദാതാവായ
ശ്രീമൂലംതിരുനാൾ പൊന്നുതമ്പുരാൻ
തിരുമനസ്സുകൊണ്ടു് നാടുനീങ്ങിയ

# തീരാദുഃഖം



ഗ്രന്ഥകർത്താ ആറന്മൂർ കെ. ഗോവിന്ദപ്പിള്ള

പ്രകാശകൻ
പി. കെ. മാധവൻപിള്ള.
ഒന്നാംപതിപ്പു]   ൧൧൦൦   [കാപ്പി ൨,൦൦൦.
വില ചക്രം ൧.